# നിത്യസഹായ മാതാവിനോടുള്ള നൊവേന




## പ്രാരംഭ ഗാനം

നിത്യസഹായ നാഥേ,
പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ
നിൻമക്കള് ഞങ്ങൾക്കായ് നീ
പ്രാർത്ഥിക്ക സ്നേഹനാഥേ!

നെടുവീർപ്പും കണ്ണീരുമായ്
ആയിരമായിരങ്ങൾ
അവിടുത്തെ തിരുമുൻപിലായ്
വന്നിതാ നിന്നീടുന്നു

ഇടറുന്ന ജീവിതത്താൽ
വലയുന്നോരേഴകളെ,
നിൻപുത്രനീശോയിങ്കല്
ചേർക്കണേ പ്രാർത്ഥനയാല്

## പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** അമലമനോഹരിയും ആലംബഹീനരുടെ പ്രതീക്ഷയും അത്ഭുതപ്രവർത്തകയും സ്വർഗ്ഗീയ ദാനങ്ങളുടെ നിദാനവുമായ പരിശുദ്ധ കന്യകാ മറിയമേ, അങ്ങേ മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

**സമൂ:** നിത്യസഹായ മാതാവേ / ഞങ്ങൾ ഇതാ അങ്ങയിൽ ശരണപ്പെട്ട് / അങ്ങേ സങ്കേതത്തിൽ അഭയം പ്രാപിക്കുന്നു. / പാപികളായ ഞങ്ങളോട് കരുണയുണ്ടാകണമേ. / ഞങ്ങളുടെ കുറ്റങ്ങളും കുറവുകളും കണക്കിലെടുക്കാതെ / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. / നിത്യസഹായ മാതാവേ, / ഞങ്ങളങ്ങയെ സ്നേഹിക്കുന്നു. / ഞങ്ങളുടെ അഭയസ്ഥാനവും പ്രതീക്ഷയും നിത്യസഹായവും / അങ്ങാകുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. / മാതാവേ, അങ്ങേയ്ക്കും / അങ്ങേ തിരുക്കുമാരനും ഞങ്ങളുടെ കർത്താവുമായ / ഈശോയ്ക്കുമെതിരായി / ഇനിയൊരു പാപവും ചെയ്യാതെ / മരണപര്യന്തം വ്യാപരിക്കാമെന്നു / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**കാർമ്മി:** ഏറ്റവും പരിശുദ്ധയും അമലോത്ഭവയും ദൈവത്തിന് ഏറ്റം സംപ്രീതയുമായ നിത്യസഹായമാതാവേ, ഞങ്ങൾ ഓരോരുത്തർക്കും വേണ്ട ദൈവാനുഗ്രഹങ്ങള് അങ്ങേ പ്രാർത്ഥനാ സഹായം വഴി സമൃദ്ധമായി ലഭിക്കുവാൻ ഇടയാക്കണമേ.

**സമൂ:** പാപത്തിൽ നിന്നും / പാപസാഹചര്യങ്ങളിൽ നിന്നും അകന്ന് / അന്തസിനടുത്ത കടമകൾ നിർവ്വഹിച്ച് / സത്യവും നീതിയും പാലിച്ച് / ദൈവസ്നേഹത്തിൽ വളർന്ന് / നല്ല പ്രായത്തോളം പുണ്യജീവിതം നയിച്ച് / നൻമരണം പ്രാപിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നതിന് ഞങ്ങൾക്ക് ഇടയാക്കണമേ.

**കാർമ്മി:** നിത്യസഹായ മാതാവേ,

**സമൂ:** ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## സമൂഹപ്രാർത്ഥന

**കാർമ്മി:** കാരുണ്യവാനായ ഈശോയേ, അങ്ങേ വത്സലമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതിനും, ഞങ്ങളോരോരുത്തർക്കും നിത്യം സഹായമായിരുക്കുന്ന മാതാവിനെ വണങ്ങുന്നതിനുമായി സമ്മേളിച്ചിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. മാതാവു വഴിയായുള്ള ഞങ്ങളുടെ അപേക്ഷകൾ കൈക്കൊണ്ട് ഞങ്ങളെ രക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** നിത്യസഹായ മാതാവേ, / ഞങ്ങളുടെ അമ്മേ, / അങ്ങേ മക്കളായ ഞങ്ങൾ / അങ്ങേ സന്നിധിയിൽ അണയുന്നു. / ഭക്തിപൂർവ്വം അങ്ങയെ വണങ്ങുന്നു. / ഏറ്റം ദയയുള്ള മാതാവേ, / അങ്ങയെ വിളിച്ചപേക്ഷിക്കുന്ന ഞങ്ങളെ സഹായിക്കണമേ. / ഞങ്ങൾ പരീക്ഷയില് ഉൾപ്പെടാതിരിക്കുന്നതിനും / പാപസാഹചര്യങ്ങളിൽ നിന്നകന്ന് / പുണ്യജീവിതം നയിക്കുന്നതിനും / നല്ല മരണം ലഭിച്ച് സ്വർഗ്ഗാനന്ദം അനുഭവിക്കുന്നതിനും / അമ്മേ, ഞങ്ങൾക്കുവേണ്ടി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**കാർമ്മി:** അടിയുറച്ച വിശ്വാസത്തോടും ആത്മാർത്ഥമായ സ്നേഹത്തോടും അത്യന്ത ശരണത്തോടുംകൂടി നമുക്ക് നിത്യസഹായനാഥയോടപേക്ഷിക്കാം.

**സമൂ:** ഓ! / നിത്യസഹായ മാതാവേ, / അങ്ങേ വത്സലമക്കളായ ഞങ്ങളുടെ അപേക്ഷ / അങ്ങ് സ്വീകരിക്കണമേ. / നിരവധി ക്ളേശങ്ങളാലും / പലവിധ രോഗങ്ങളാലും / വലയുന്ന ഞങ്ങളെ അങ്ങ് കാത്തുകൊള്ളണമേ. / ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന ക്ളേശങ്ങൾ / സന്തോഷത്തോടെ സഹിക്കുവാനുള്ള / ശക്തി ലഭിക്കുന്നതിന് ഇടയാക്കണമേ. / രോഗങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും / ഞങ്ങൾ ഓരോരുത്തരേയും അങ്ങേ മാദ്ധ്യസ്ഥശക്തിയാല് / കാത്തുകൊള്ളണമേ. / ഉണ്ണിഈശോയെ കാത്തു പരിപാലിച്ചതുപോലെ / അമ്മേ, ഞങ്ങൾ ഓരോരുത്തരേയും കാത്തു പരിപാലിക്കണമേ. / അഹങ്കാരം, അസൂയ, വഞ്ചന, വൈരാഗ്യം, ദുഷ്ടത, ചതി, പ്രതികാരം / ഇവ ഞങ്ങളിൽ നിന്നും തുടച്ചുനീക്കണമേ. / ഞങ്ങൾ പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും / വർത്തിക്കുവാന് വേണ്ട അനുഗ്രഹം / അമ്മേ, അങ്ങേ തിരുക്കുമാരനിൽ നിന്നും ലഭിക്കുന്നതിനു / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## അർത്ഥനകള്

**കാർമ്മി:** നമുക്കെല്ലാവർക്കും ഭക്തിയോടും വിശ്വാസത്തോടും കൂടി സകല നൻമസ്വരൂപിയായിരിക്കുന്ന നമ്മുടെ കർത്താവിനോടു പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ഈ നൊവേനയിൽ സംബന്ധിക്കുന്ന ഞങ്ങളോരോരുത്തരെയും, ഞങ്ങളുടെ കുടുംബാംഗങ്ങൾ , സംബന്ധക്കാർ , ഉപകാരികൾ ഇവരെയും അങ്ങേയ്ക്കു സമർപ്പിക്കുന്നു. ഞങ്ങൾ ഓരോരുത്തരേയും സകലവിധ ആപത്തുകളിൽ നിന്നും പൈശാചിക പ്രലോഭനങ്ങളിൽ നിന്നും കാത്തു പരിപാലിക്കണമെന്നു കർത്താവേ ഞങ്ങള് അങ്ങയോടു പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ലോകത്തുടനീളം യുദ്ധങ്ങള് ഒഴിവായി, സമാധാനം നിലനിൽക്കുവാനും പഞ്ഞം, പട, വസന്ത ഇവ നീങ്ങി സ്നേഹത്തിലും കൂട്ടായ്മയിലും എല്ലാവരും വർത്തിക്കുവാനും ഇടവരുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** കാരുണ്യവാനും ആശ്വാസദായകനുമായ കർത്താവേ, നിത്യസഹായമാതാവു വഴിയായി അങ്ങയോടു പ്രാർത്ഥിക്കുന്ന, ഞങ്ങൾ ഓരോരുത്തരുടെയും ആവശ്യങ്ങള് സാധിച്ച് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ഞങ്ങളിൽ നിന്നും മരണം വഴി വേർപിരിഞ്ഞു പോയ എല്ലാ വിശ്വാസികൾക്കും നിത്യാശ്വാസം പ്രദാനം ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** കൈകൾ കൂപ്പി നിശ്ശബ്ദരായി ഓരോരുത്തരുടെയും ആവശ്യങ്ങളും നിത്യസഹായമാതാവു വഴി നമ്മുടെ കർത്താവിനു സമർപ്പിക്കാം.

(രണ്ടു മിനിറ്റ് മൗനപ്രാർത്ഥന)

## കൃതജ്ഞതാ സമർപ്പണം

**കാർമ്മി:** ഈ നൊവേന വഴി ഞങ്ങൾ പ്രാർത്ഥിക്കുന്ന കാര്യങ്ങള് സാധിച്ചു തന്ന് ഞങ്ങള് ഓരോരുത്തരെയും അനുഗ്രഹിക്കുന്നതിനെയോർത്ത് കർത്താവേ, അങ്ങേയ്ക്കു ഞങ്ങള് നന്ദി പറയുന്നു.

**സമൂ:** കർത്താവേ, നിത്യസഹായമാതാവു വഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** പരിശുദ്ധാത്മാവു വഴി പ്രസാദവരത്തിന്റെ നീർച്ചാലുകള് ഞങ്ങളിലേയ്ക്കു പ്രവഹിച്ച് ഞങ്ങള് ആദ്ധ്യാത്മികമായി നവജീവൻ പ്രാപിക്കുന്നതിനെയോർത്ത് കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**സമൂ:** കർത്താവേ, നിത്യസഹായമാതാവു വഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** രോഗങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും നിരന്തരം ഞങ്ങളെ കാത്തുപരിപാലിക്കുന്ന പരമകാരുണികനായ കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**സമൂ:** കർത്താവേ, നിത്യസഹായമാതാവു വഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** ഹൃദയകാഠിന്യവും അഹങ്കാരവും മൂലം ഞങ്ങൾ അങ്ങേയ്ക്കെതിരായി ചെയ്യുന്ന പാപങ്ങളും നന്ദികേടുകളും ക്ഷമിച്ച് നിത്യം ഞങ്ങളെ അനുഗ്രഹിക്കുന്ന കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**സമൂ:** കർത്താവേ, നിത്യസഹായമാതാവു വഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** നമുക്കു വേണ്ടി സദാ ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന നിത്യസഹായമാതാവിന് നമുക്ക് കൃതജ്ഞത സമർപ്പിക്കാം.

**സമൂ:** ഓ, നിത്യസഹായനാഥേ, ഞങ്ങൾ അങ്ങേയ്ക്ക് കൃതജ്ഞത സമർപ്പിക്കുന്നു.

## ഗാനം

മറിയമേ അമ്മേ, സ്വർഗ്ഗത്തില് നിന്നാ
നേത്രങ്ങൾ കൊണ്ടു നോക്കുക
നിൻ പാദേ ഇതാ നിന് മക്കള് വന്നു
നിൽക്കുന്നു അമ്മേ, കാണുക

മാധുര്യമേറും നിൻ നേത്രങ്ങള് ഹാ!
ശോകപൂർണ്ണങ്ങളാണല്ലോ
ആ നിന്റെ തിരുനേത്രങ്ങൾ കൊണ്ടു
നോക്കുക മക്കൾ ഞങ്ങളെ

(വിശുദ്ധ ഗ്രന്ഥ പാരായണവും പ്രസംഗവും ഈ സമയത്തു നടത്താവുന്നതാണ്)

## രോഗികൾക്കു വേണ്ടി പ്രാർത്ഥന

**കാർമ്മി:** നമുക്ക് കൈകൾ കൂപ്പി ഭക്തിപൂർവ്വം കർത്താവിനോട് പ്രാർത്ഥിക്കാം
കർത്താവേ, ശാരീരിക രോഗങ്ങളാലും മാനസിക ക്ളേശങ്ങളാലും പീഡയനുഭവിക്കുന്ന അങ്ങേ വത്സലതനയരെ അങ്ങ് തൃക്കൺ പാർക്കണമേ. അങ്ങയുടെ മൗതിക ശരീരത്തിലെ അവയവങ്ങളായ ഞങ്ങളെ അങ്ങ് കാത്തുപരിപാലിക്കണമേ.

**സമൂ:** കർത്താവേ, പാപികളെങ്കിലും അങ്ങേ മക്കളായ / ഞങ്ങളുടെ രോഗങ്ങൾ നീക്കി ഞങ്ങളെ ആരോഗ്യമുള്ളവരാക്കണമേ / ആരോഗ്യമുള്ളവരായി ദീർഘകാലം / അങ്ങേ കല്പന പാലിച്ച് മാതൃകാപരമായ ജീവിതം നയിച്ച് / ഭാഗ്യമരണം പ്രാപിച്ച് മോക്ഷാനന്ദ ഭാഗ്യം അനുഭവിക്കുവാൻ / ഞങ്ങൾ ഓരോരുത്തരെയും അനുഗ്രഹിക്കണമെന്ന് / ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## മാതാവിന് പ്രകീർത്തനം

**കാർമ്മി:** ഇവിടെ സന്നിഹിതരായിരിക്കുന്ന നമുക്കൊരുമിച്ച് ഏകസ്വരത്തിൽ മാതാവിനെ പ്രകീർത്തിക്കുകയും അമ്മയുടെ പ്രത്യേക സംരക്ഷണയ്ക്കായി നമ്മെ അങ്ങേയ്ക്ക് സമർപ്പിക്കുകയും ചെയ്യാം.

**സമൂ:** നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോട്ടുകൂടെ / സ്ത്രീകളില് അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു / അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ / അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി / ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും / തമ്പുരാനോട് അപേക്ഷിക്കണമേ.

**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങള് യോഗ്യരാകുവാന്,

**സമൂ:** സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമ്മി:** നിത്യസഹായ മാതാവേ, ഞങ്ങൾ അങ്ങയിൽ ശരണപ്പെടുന്നു. അങ്ങേ സങ്കേതത്തിൽ ഞങ്ങള് അഭയം പ്രാപിക്കുന്നു. ഞങ്ങൾക്കുവേണ്ടി നിത്യം പ്രാര്ത്ഥിക്കണമേ.

**സമൂ:** ആമ്മേൻ.

## സമാപന പ്രാർത്ഥന

**കാർമ്മി:** മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോയുടെ മാതാവാകുവാൻ കന്യാത്വത്തിനു ഭംഗം വരാതെ, ഭാഗ്യം ലഭിച്ച പരിശുദ്ധ മറിയമേ, അങ്ങയെ ഞങ്ങൾ വണങ്ങുന്നു. രക്ഷണീയ കർമ്മത്തിനു പൂർണ്ണമായി സഹകരിച്ച് സഹരക്ഷക എന്ന സ്ഥാനം അലങ്കരിക്കുന്ന മാതാവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. സ്വർഗ്ഗാരോപണം ചെയ്ത് സ്വർല്ലോകറാണിയായി വാഴുന്ന അമ്മേ, ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. നിത്യസഹായ മാതാവേ, ഞങ്ങൾ അങ്ങില് ശരണപ്പെട്ട് അഭയം തേടുന്നു. പാപികളായ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് ഞങ്ങളെ സഹായിക്കണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ പ്രാർത്ഥിക്കുന്ന ആവശ്യം (...) സാധിച്ചു തന്നു ഞങ്ങളെ രക്ഷിക്കണമെന്ന് കരുണയുള്ള നിത്യസഹായ മാതാവേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** ആമ്മേൻ.